**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3372** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂൾ ടീച്ചർ (ഗണിതം) തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ ഹൈസ്കൂൾ ടീച്ചർ (ഗണിതം) തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 17 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | എറണാകുളം ജില്ലയിൽ ഹൈസ്കൂൾ ടീച്ചർ(ഗണിതം) തസ്തികയിൽ 2 വിരമിക്കൽ ഒഴിവും 3 പ്രതീക്ഷിത ഒഴിവും ഉൾപ്പെടെ 5 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ജില്ലയിലെ ഹൈസ്കൂൾ ടീച്ചർ (ഗണിതം) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ റാങ്ക് ലിസ്റ്റിൽ നിന്ന് നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | തസ്തിക നിർണ്ണയത്തിന് ശേഷം പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ ലഭ്യമാകുമ്പോൾ ടി ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ